**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 273** **26-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ എൻജിനീയറിംഗ് പഠന നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. യു.എ.ലത്തീഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻജിനീയറിംഗ് പഠനനിലവാരത്തിൽ തകർച്ചയുണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രധാന കാരണം യോഗ്യരായ അദ്ധ്യാപകരുടെ അഭാവമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | AICTE മാനദണ്ഡപ്രകാരം യോഗ്യതയുള്ള അദ്ധ്യാപകരെയാണ് സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകളിൽ നിയമിക്കുന്നത്. ആയതിനാൽ അദ്ധ്യാപകരുടെ യോഗ്യതാകുറവ് കാരണം പഠന നിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ മേഖലയിലെ ചില എഞ്ചിനീയറിംഗ് കോളേജുകൾ ഗുണനിലവാരം പുലർത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അക്കാഡമിക് കൗൺസിൽ പോലുള്ള സർവ്വകലാശാലയുടെ ഉന്നത അധികാര സമിതികൾ ഇക്കാര്യം പരിശോധിക്കുകയും അക്കാഡമിക് ഓഡിറ്റ് നടത്തി റിപ്പോർട്ട് അനുസരിച്ച് ന്യൂനതകൾ പരിഹരിക്കാൻ അത്തരം കോളേജുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സാങ്കേതിക സർവ്വകലാശാല ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന കോളേജുകളിൽ സർവ്വകലാശാലയും AICTE യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനായി പരിശോധന നടത്താറുണ്ട്. മേൽ പരിശോധനയിൽ അധ്യാപകരുടെ യോഗ്യതകൾ കൂടി ഉറപ്പാക്കാറുണ്ട്. |
| (സി) | യോഗ്യതയുള്ള അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സാങ്കേതിക സർവ്വകലാശാലയുടെ അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന കോളേജുകളിൽ സർവ്വകലാശാലയും AICTE യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനായി പരിശോധന നടത്താറുണ്ട്. മേൽ പരിശോധനയിൽ അധ്യാപകരുടെ യോഗ്യതകൾ കൂടി ഉറപ്പാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ